വിദേശരാജ്യങ്ങളിലെ താമസത്തിനിടെ നിയമസഹായം ആവശ്യമുള്ളവർക്ക് അത് ലഭ്യമാക്കുക, അഭയം ആവശ്യമായിവരുന്ന കേരളീയ സ്ത്രീകളെ എംബസികളിൽ എത്തിക്കുന്നതിന് ആവശ്യമായി വരുന്ന വാഹന ചെലവ് വഹിക്കുക എന്നീ ലക്ഷ്യങ്ങൾ മുന്നിൽക്കണ്ട് പ്രവാസി നിയമസഹായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനായി നോർക്ക റൂട്ട്സിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രവാസി സംഘടനകൾ, വിദേശ രാജ്യങ്ങളിലെ എംബസി, എംബസി നിർദ്ദേശിക്കുന്ന നിയമ വിദഗ്ധർ തുടങ്ങിയവരുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെയും പ്രവാസികാര്യ മന്ത്രാലയത്തിന്റെയും സഹകരണം അഭ്യർത്ഥിച്ചിട്ടുണ്ട്.

തിരിച്ചെത്തിയ നഴ്സുമാർ

95 (†1496) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശരാജ്യങ്ങളിലെ ആഭ്യന്തര സംഘർഷത്തെ തുടർന്ന് കേരളത്തിൽ തിരിച്ചെത്തിയ നഴ്സുമാർ ഉൾപ്പടെയുള്ള എത്ര പേർക്ക് സർക്കാർ മുൻകൈ എടുത്ത് തൊഴിൽ നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) ആകെ എത്ര നഴ്സുമാരും അനുബന്ധ പാരാമെഡിക്കൽ സ്റ്റാഫും തിരിച്ചെത്തി എന്ന് വെളിപ്പെടുത്തുമോ ;

(സി) തിരിച്ചെത്തിയ എത്ര നഴ്സുമാർക്ക് എത്ര രൂപ വീതം അടിയന്തര സഹായം നൽകിയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ആഭ്യന്തര സംഘർഷത്തെത്തുടർന്ന് ഇറാഖ്, ലിബിയ എന്നീ രാജ്യങ്ങളിലെ പ്രശ്നബാധിത പ്രദേശങ്ങളിൽനിന്നും തിരികെയെത്തിയവരിൽ 40 നഴ്സുമാർക്ക് സർക്കാർ മുൻകൈയെടുത്ത് ജോലി ലഭ്യമാക്കിയിട്ടുണ്ട്. 300-ഓളം നഴ്സുമാരെ വിവിധ വിദേശ രാജ്യങ്ങളിലേക്ക് ജോലിക്കായി ഷോർട്ട് ലിസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) ഇറാഖ്/ലിബിയ രാജ്യങ്ങളിൽനിന്ന് നഴ്സുമാരും പാരാമെഡിക്കൽ സ്റ്റാഫും ഉൾപ്പെടെ മൊത്തം 883 പേർ തിരിച്ചെത്തിയതായി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) വിവിധ എയർപോർട്ടുകളിൽ തിരിച്ചെത്തിയ നഴ്സുമാർക്ക് യാത്രാ ചെലവുകൾക്കായി 2000 രൂപാ വീതം നൽകിയിരുന്നു. ഇതിന് പുറമേ ഇറാഖിലെ തികൃത്തിൽ നിന്നും തിരികെയെത്തിയ 46 പേർക്ക് 5000 രൂപയും നൽകിയിരുന്നു.

---

† മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly